


# ഇ-മലയാളിയുടെ അവാർഡ് നിശ
# ഇ-മലയാളി സാഹിത്യ
# അവാർഡുദാന ചടങ്ങ്

## 38, Orange Town Shopping Center,
## Orangeberg
## ( September 16, 3 p.m. to 7 p.m.)

പ്രിയപ്പെട്ടവരെ ,

ഇ-മലയാളിയുടെ പ്രതിവർഷ സാഹിത്യ അവാർഡ് ദാനചടങ്ങ് സെപ്റ്റമ്പർ 16നു 38 ഓറഞ്ച് ടൗൺ ഷോപ്പിങ്ങ് സെൻറർ, ഓറഞ്ച്ബെർഗിലെ സിത്താർ റെസ്റ്റോറൻറിൽ വച്ച് ഉച്ചതിരിഞ്ഞ് മൂന്നു മണി മുതൽ ഏഴു മണിവരെയുള്ള സമയത്ത് അരങ്ങേറുന്നതാണ്. തദവസരത്തിൽ നിങ്ങളുടെയെല്ലാവരുടേയും സാന്നിദ്ധ്യം സാദരം ക്ഷണിച്ചുകൊള്ളുന്നു. ഇതെക്കുറിച്ച് കൂടുതൽ വിവരങ്ങൾ അറിയുവാൻ വിളിക്കുക, ജോർജ് ജോസഫ് 917-324-4907.

സ്നേഹത്തോടെ
ജോർജ് ജോസഫ് & ഇ-മലയാളി പ്രവർത്തകർ

# അവാർഡ് വിവരങ്ങൾ

2017ൽ ഇ-മലയാളിയിൽ എഴുതിയ ഏറ്റവും നല്ല ക്രുതികളുടെ രചയിതാക്കൾക്കാണ് അവാർഡുകൾ നൽകുന്നത്. അമേരിക്കൻ മലയാളി എഴുത്തുക്കാർ അവരുടെ രചനകളുടെ മേന്മയിൽ ശ്രദ്ധിക്കണമെന്നാണ് ഇ- മലയാളിയുടെ ഇത്തവണത്തെ സാഹിത്യ പുരസ്കാര പരിശോധന സമിതി കണ്ടെത്തിയത്. ഈ വർഷം ആഗോളതലത്തിലുള്ള എഴുത്തുകാരുടെ രചനകളെ അവാർഡിനായി പരിഗണിക്കുന്നില്ല. എഴുത്തുകാരെ പ്രോത്സാഹിപ്പിക്കാൻ രചനകൾ കഴിവതും നിരസിക്കാതെ ഇ-മലയാളി പ്രസിദ്ധീകരിക്കുമെങ്കിലും സാഹിത്യമേന്മയുള്ള രചനകളെ അംഗീകരിക്കുക എന്ന

നയമാണ് ഇ-മലയാളി സ്വീകരിക്കുന്നത്. താഴെ പറയുന്ന വിഭാഗങ്ങൾക്കാണ് (കഥ, കവിത, ലേഖനം, സാഹിത്യത്തിനുള്ള സമഗ്ര-സംഭാവന) പുരസ്കാരങ്ങൾ പ്രഖ്യാപിച്ചത്. വിജയികളുടെ വിവരങ്ങൾ വായിക്കുക.



**സാഹിത്യത്തിനുള്ള സമഗ്ര-സംഭാവന**: സാഹിത്യത്തിലെ വിവിധ വിഭാഗങ്ങൾ, കഥ, കവിത, ലേഖനം, നോവൽ, നിരൂപണം, കാഴ്ച്ചപ്പാടുകൾ, എന്നീ മേഖലകളിൽ അഞ്ചു പതിറ്റാണ്ടോളമായി നാട്ടിലും ഇവിടേയും തൻേറതായ വ്യക്തിമുദ്ര പതിപ്പിച്ചുകൊണ്ടിരിക്കുന്ന അഭിവന്ദ്യ എഴുത്തുകാരൻ ശ്രീ ജോൺ വേറ്റത്തിനു ഇ-മലയാളിയുടെ ‘‘സമഗ്രസാഹിത്യ അവാർഡ്’’ നൽകി ബഹുമാനിക്കുന്നു.

.**കഥ** : 2017ൽ ഇ-മലയാളിയിൽ നല്ല കഥകൾ ആരും എഴുതിയില്ലെന്നു വ്യസനപൂർവ്വം അറിയിക്കട്ടെ. നല്ല കഥകൾ ആരും എഴുതിയില്ലെന്നല്ല ആരും അയച്ചു തന്നില്ല എന്നാണു ഇതിൽ നിന്നും വ്യക്തമാകുന്നത്. ശ്രദ്ധിക്കുക ഇ-മലയാളിയിൽ എഴുതുന്ന രചനകളെയാണു ഞങ്ങൾ പരിശോധിക്കുന്നത്.



.**കവിത**: നല്ല കവിതകളും വളരെ വിരളമായാണു പത്യക്ഷപ്പെട്ടത്. എങ്കിലും പ്രശസ്ത കവിയും എഴുത്തുകാരനുമായ ശ്രീ **അബ്ദുൾ പുന്നയൂർക്കുള**ത്തിൻെറ “മീൻകാരൻ ബാപ്പ” എന്ന കവിതയെ പരിശോധകസമിതി പുരസ്കാരയോഗ്യമായി പരിഗണിച്ചു.



.**ലേഖനം:**വ്യതസ്തമായ വിഷയങ്ങളെ ആസ്പദമാക്കി അപഗ്രഥന രീതിയോടെ ശ്രീ **ജോസഫ് പടന്നമാക്കൽ** രചിച്ച ലേഖനങ്ങളാണു ലേഖന വിഭാഗത്തിൽ പ്രഥമഗണനനീയമായത്, അവാർഡിനഹർതപ്പെട്ടത്.



. **നിങ്ങളുടെ പ്രിയ എഴുത്തുകാരൻ**/എഴുത്തുകാരി: വാൽക്കണ്ണാടി എന്ന ലേഖന പരമ്പരിയിലൂടെ വായനക്കാർക്ക് സുപരിചിതനും, അനവധി എഴുത്തുകാരുടെ പ്രിയ എഴുത്തുകാരനുമായി അവർ തന്നെ ശുപാർശ ചെയ്യുകയും ചെയ്ത **കോരസൺ വർഗ്ഗീസ്സിനു** ഈ അവാർഡ് കൊടുക്കാൻ ഇ- മലയാളിയും തീരുമാനിച്ചു.

ഇതര സാഹിത്യവിഭാഗങ്ങളിൽ കഴിവ് തെളിയിച്ചവർക്ക് പ്രത്യേക അംഗീകാരം.



**ആസ്വാദനം/പുസ്തകപരിചയം:** കഴിഞ്ഞ പത്തു വർഷത്തിലേറെയായി ന്യൂയോർക്കിലെ സർഗ്ഗവേദിയിലും, വിചാരവേദിയിലും ചർച്ചചെയ്യപ്പെടുന്ന പുസ്തകങ്ങളും മറ്റു സാഹിത്യ ക്രുതികളും സശദ്ധം പഠിച്ച് അതേക്കുറിച്ച് എഴുതുകയും അതു ഇ-മലയാളിയുടെ താളുകളിലേക്ക് അയച്ചുതരുകയും ചെയ്ത **ഡോക്ടർ നന്ദകുമാർ** ഇ-മലയാളിയുടെ പ്രത്യേക അംഗീകാരത്തിനു അർഹനായി കണ്ടെത്തി.



**ഓർമ്മക്കുറിപ്പുകൾ/ജീവചരിത്രം:** അമേരിക്കൻ മലയാള സാഹിത്യത്തിലെ തറവാട്ടമ്മയായ ശ്രീമതി **സരോജ വർഗീസ്** കൈവക്കാത്ത സാഹിത്യ വിഭാഗങ്ങളില്ല. അമേരിക്കൻ മലയാളി വനിത എഴുത്തുകാരികളിൽ ആദ്യമായി സഞ്ചാരസാഹിത്യം, ജീവചരിത്രം, ഓർമ്മക്കുറിപ്പുകൾ എന്നിവ എഴുതി ഈ

എഴുത്തുകാരി അമേരിക്കൻ മലയാളസാഹിത്യത്തിൽ അവരുടേതായ ഒരു ഇടം നേടിയിരിക്കുന്നു. ഈ വിഭാഗത്തിൽ അവർ നൽകിയ സംഭാവനകളെ മാനിച്ച് അവർക്ക് ഇ-മലയാളിയുടെ പ്രത്യേക അംഗീകാരം നൽകുന്നു.



**പ്രതികരണങ്ങളുടെ കുലപതി:** :ശ്രദ്ധേയമായ ചിലപ്പോൾ വിവാദപരമായ പ്രതികരണങ്ങളിലൂടെ ഇ മലയാളിയുടെ താളുകളെ എപ്പോഴും സജീവവും സമ്പന്നവുമാക്കിയ സി. ആൻഡ്രൂസ്സിനെ ഇ-മലയാളി പ്രത്യേക അംഗീകാരം നൽകി ആദരിക്കുന്നു.



**രാഷ്ട്രീയനിരീക്ഷണങ്ങൾ, പ്രവാസാനുഭവങ്ങൾ:** അമേരിക്കൻ മലയാളികളുടെ പ്രശ്നങ്ങൾ, രാഷ്ട്രീയ നിരീക്ഷണങ്ങൾ, പ്രശസ്തരുടെ തൂലിക ചിത്രങ്ങൾ, പ്രവാസ ജീവിതത്തിലെ അനുഭവങ്ങൾ അങ്ങനെ വിവിധ വിഷയങ്ങളിൽ തന്റേതായ ഒരു കാഴ്ച്ചപ്പാടും ദർശനവും ലേഖനങ്ങളിലൂടെ ആവിഷ്ക്കരിക്കുന്ന ഇ-മലയാളിയുടെ സ്വന്തം ലേഖകനായ ശ്രീ ജോൺ ബി കുന്തറക്ക് പ്രത്യേക അംഗീകരം നൽകുന്നു.

എല്ലാവർക്കും ഇ-മലയാളിയുടെ വിജയാശംസകൾ.!! 2018ൽ വിജയികളാകാൻ നല്ല നല്ല രചനകൾ ഇന്നുമുതൽ അയക്കാൻ തുടങ്ങുക.

--------------------------------